No. 001/2013/CL Dated: 08.02.2013 Latin Archdiocese of Trivandrum, Vellayambalam

# തപസ്സുകാലം 2013

ദൈവത്തിനു സ്തുതി!
ദൈവജനത്തിനു സമാധാനം!

***വന്ദ്യ വൈദികരേ, പ്രിയമക്കളേ,***

***വീ***ണ്ടുമൊരു തപസ്സുകാലത്തിന് നാം തുടക്കം കുറിച്ചു കഴിഞ്ഞു. ക്രിസ്ത്യാനികളെന്നു പറയുന്ന നാം ക്രിസ്തു ശിഷ്യരായിട്ടു തന്നെയാണോ ജീവിക്കുന്നതെന്ന് ആത്മപരിശോധന ചെയ്തുനോക്കാനുള്ള ഒരു കാലഘട്ടമാണ് തപസ്സുകാലം. സ്വയനിയന്ത്രണവും പങ്കുവയ്ക്കലുമാണ് ക്രിസ്തുശിഷ്യനുണ്ടായിരിക്കേണ്ട മുഖമുദ്ര. യേശുവിന്റെ ശിഷ്യൻ സ്വയം പരിത്യജിക്കുവനായിരിക്കണം (മത്താ. 16, 24). "തനിക്കുള്ളതെല്ലാം പരിത്യജിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യരാവുക സാദ്ധ്യമല്ല" (ലൂക്ക. 14, 33) എന്ന് യേശു പഠിപ്പിക്കുന്നു. ഒരു പ്രയോജനവും ഇല്ലാതെ ആരും ഒന്നും ഉപേക്ഷിക്കുവാൻ പോകുന്നില്ല. ഉള്ളതൊക്കെ ഉപേക്ഷിക്കണമെങ്കിൽ അതിനെക്കാളും വലിയ എന്തൊക്കെയോ കണ്ടെത്താനും കഴിയണം. വയലിൽ ഒളിഞ്ഞു കിടക്കുന്ന നിധിയുടെ വില മനസ്സിലാക്കിയപ്പോഴാണ് അതു കണ്ടെത്തിയവൻ തനിക്കുള്ള സകലതും ഉപേക്ഷിക്കുവാനും അവ വിറ്റ് വയൽ മേടിക്കുവാനും തയ്യാറായത് (മത്താ. 13, 44). വിഭാവന ചെയ്യാവുന്ന എല്ലാ സമ്പാദ്യങ്ങളെക്കാളും കൂടുതലായി യേശുവിനെ വിലമതിക്കേണ്ടവരാണ്, ജീവനെപ്പോലും യേശുവിനായി പരിത്യജിക്കുവാൻ സന്നദ്ധരാകേണ്ടവരാണ് ക്രിസ്തു ശിഷ്യന്മാർ. കാരണം യേശു മാംസം ധരിച്ച ദൈവവചനമാണ് (യോഹ. 1, 14). അവിടുന്നുവഴിയാണ് സമസ്തവും സൃഷ്ടിക്കപ്പെട്ടത് (യോഹ. 1, 3). യേശു പ്രകാശമാണ് (യോഹ. 8, 12). അവിടുന്ന് "വഴിയും സത്യവും ജീവനുമാണ് " (യോഹ. 8, 12)." ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ അവനിലാണ് ഒളിഞ്ഞു കിടക്കുന്നത്"(കൊളോ. 2,3). യേശു കൂടെയുണ്ടെങ്കിൽ എല്ലാമുണ്ട് (സങ്കീ. 23, 1); യേശുവിനെക്കൂടാതെ ഒന്നുമില്ല (യോഹ. 15, 5). ഈ അവബോധമാണ് ജീവനെപ്പോലും പരിത്യജിച്ച് യേശുവിനെ സ്വന്തമാക്കുവാൻ ക്രിസ്തുശിഷ്യരെ പ്രേരിപ്പിക്കുന്നത്. അതേസമയം തന്നെ മുപ്പതു വെള്ളിക്കാശിനായി, സ്വാർത്ഥതാല്പര്യങ്ങൾക്കായി, യൂദാസിനെപ്പോലെ യേശുവിനെ ഉപയോഗിക്കുന്നവരും നമ്മുടെ ഇടയിൽ ധാരാളമുണ്ട്. ഞാനും നിങ്ങളും എവിടെ നിൽക്കുന്നു?

മെച്ചമായത് എന്തെങ്കിലും കിട്ടാതെ ആരും ഉള്ളത് ഉപേക്ഷിക്കുവാൻ പോകുന്നില്ല. ഹൃദയമഭിലഷിക്കുന്ന സമാധാനവും സന്തോഷവും സംതൃപ്തിയും പ്രതീക്ഷിച്ചാണ് നാം ക്രിസ്തു ശിഷ്യരായിത്തീരുന്നത്. ലോകത്തിന്റേതായ ആർത്തിയുടെയും ആഡംബരത്തിന്റെയും ധൂർത്തിന്റെയും മാർഗ്ഗങ്ങൾ വെടിഞ്ഞ് ദൈവപരിപാലനയിൽ ആശ്രയിരിക്കുകയും സ്വയം നിയന്ത്രിക്കുകയും ഉള്ളതുകൊണ്ട് സംതൃപ്തിയടയുകയും അതുപോലും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുമ്പോഴാണ് നാം ഭാഗ്യവാന്മാരായിത്തീരുന്നതെന്ന് യേശു പഠിപ്പിക്കുന്നു. ആകാശത്തിലെ പറവകൾ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അറപ്പുരകളിൽ ശേഖരിച്ചുവയ്ക്കുന്നുമില്ല. എങ്കിലും ഓരോ ദിവസവും അവയ്ക്കു വേണ്ടതു ലഭിക്കുന്നു. യാതൊരുവിധ ഉത്ക്കണ്ഠയും കൂടാതെ സ്വതന്ത്രമായി പാറിപ്പറക്കുന്ന പറവകളെക്കാളും, സൗരഭ്യം പരത്തിക്കൊണ്ട് സമലംകൃതമായി വയലിൽ വിരിഞ്ഞു നിൽക്കുന്ന ലില്ലിയെക്കാളും ദൈവതിരുസന്നിധിയിൽ നാമെല്ലാവരും വളരെയേറെ വിലപെട്ടവരാണെന്ന് യേശു ചൂണ്ടിക്കാണിക്കുന്നു: "അതിനാൽ എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും, എന്തു ധരിക്കും എന്നു വിചാരിച്ച് നിങ്ങൾ ആകുലചിത്തരാകേണ്ട....... നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് അറിയുന്നു " (മത്താ. 6, 33). ജീവജാലങ്ങളെല്ലാം വ്യഗ്രതയൊന്നും കൂടാതെ അന്നന്നുള്ള അപ്പംകൊണ്ടു സംതൃപ്തിയടയുമ്പോൾ മനുഷ്യനുമാത്രം ദൈവപരിപാലനയിൽ വലിയ വിശ്വാസമില്ല. തന്റെയും തനിക്കുള്ളവരുടെയും ഭാവിയെക്കുറിച്ച് ആകുലചിത്തനാകുന്ന അവൻ തന്റെ ബുദ്ധിയും ശക്തിയും കഴിവുകളുമുപയോഗിച്ച് അനേകായിരങ്ങളുടെ അപ്പത്തിനുള്ള വക തട്ടിയെടുത്ത് തനിക്കായി മാത്രം സൂക്ഷിക്കാൻ ശ്രമിക്കുന്നു. ആർത്തിയുടെയും ചൂഷണത്തിന്റെയും മാർഗ്ഗമാണോ, ദൈവാശ്രയത്വത്തിന്റെയും സ്വയപരിത്യാഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും മാർഗ്ഗമാണോ നമ്മെ ക്രിസ്തുശിഷ്യരും സൗഭാഗ്യവാന്മാരുമാക്കിത്തീർക്കുന്നതെന്ന് പരിശോധിച്ചു നോക്കേണ്ട ഒരു കാലഘട്ടമാണ് തപസ്സുകാലം.

സുവിശേഷത്തിൽ യേശു ധനവാനായ ഒരു മനുഷ്യന്റെ കഥ പറയുന്നുണ്ട്. മനുഷ്യ ജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത് എന്ന് പഠിപ്പിക്കുവാൻ വേണ്ടിയാണ് യേശു ഈ കഥ പറഞ്ഞത്. ഈ ധനികന്റെ വയലിൽ സമൃദ്ധമായ വിളവുണ്ടായി. സഹജീവികളുടെ ദാരിദ്ര്യത്തെക്കുറിച്ചോ അവശതകളെക്കുറിച്ചോ അവൻ ചിന്തിച്ചില്ല. വലിയ വലിയ പത്തായപ്പുരകൾ പണിത് വിളവെല്ലാം തനിക്കായി മാത്രം

അയാൾ സംഭരിച്ചു വച്ചു. എന്നിട്ട് അയാൾ തന്നോടു തന്നെ ഇപ്രകാരം പറഞ്ഞു: ''അനേക വർഷങ്ങൾക്കുവേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു. തിന്നു കുടിച്ച് ആനന്ദിക്കുക '' (ലൂക്ക. 12, 19). ഭോഷനായ ഈ മനുഷ്യനോട് ദൈവം ചോദിച്ചു: ഈ രാത്രിയിൽത്തന്നെ നിന്റെ മരണം സംഭവിച്ചെന്നു വരാം. അങ്ങനെ വന്നാൽ നീ ശേഖരിച്ചു കൂട്ടിയ വിഭവങ്ങൾകൊണ്ട് നിനക്ക് എന്തു പ്രയോജനമുണ്ടാകും? സൗഭാഗ്യത്തിലേയ്ക്കുള്ള മാർഗ്ഗമായി യേശു തന്റെ ശിഷ്യന്മാർക്കു കാണിച്ചുകൊടുക്കുന്നത് ദൈവത്തിലാശ്രയിച്ചുകൊണ്ടുള്ള സ്വയം പരിത്യാഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും മാർഗ്ഗമാണ്: '' ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും. കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കുകയുമില്ല'' (മത്താ. 6, 19-20).

എന്നാൽ യേശുവിന്റെ ഈ പ്രബോധനങ്ങളെ നമ്മിൽ പലരും സംശയ ദൃഷ്ടിയോടെയാണ് കാണുന്നത്. സമൂഹത്തിൽ ഒന്നിനൊന്നു വർദ്ധിച്ചുവരുന്ന അവശതകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ദൈവപരിപാലനയെ ചോദ്യം ചെയ്യുന്നവരുണ്ട്. നമ്മുടെ രാജ്യത്തിലെ നല്ലൊരു ഭാഗം ആളുകളും ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്നവരാണ്. വേണ്ടത്ര പോഷകാഹാരം കിട്ടാതെ മരണമടയുന്ന കുഞ്ഞുങ്ങളുടെ എണ്ണം ഞെട്ടിപ്പിക്കുന്നതാണ്. മുപ്പതുകോടിയിലേറെപ്പേർ വിദ്യാഭ്യാസത്തിനുവേണ്ട സൗകര്യങ്ങളില്ലാത്തതു കാരണം നിരക്ഷരരായി കഴിയുന്നു. കോടിക്കണക്കിനാളുകൾക്ക് സ്വന്തമായി ഒരു ഭവനമില്ല. പന്ത്രണ്ടുകോടിയിലധികം ദരിദ്ര ഭവനങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുവേണ്ട സൗകര്യങ്ങളില്ല. ശുദ്ധജലത്തിന്റെയും ശുചിത്വത്തിന്റെയും അഭാവം കാരണം ഓരോ കൊല്ലവും ഏകദേശം അഞ്ചുലക്ഷത്തോളം പേരാണ് മാരകമായ പകർച്ചവ്യാധികൾക്കു ഇരയായിത്തീരുന്നത്. ഇങ്ങനെയുള്ള അവശതകൾക്കെല്ലാം ദൈവപരിപാലന എങ്ങനെ ഒരു പരിഹാര മാർഗ്ഗമാകും?

യഥാർത്ഥത്തിൽ പലരും കരുതുന്നതുപോലെ അത്ര ദാരിദ്ര്യമാണോ നമ്മുടെ രാജ്യം? ആവശ്യത്തിനും അതിലധികവും ദൈവം നമുക്ക് തന്നിട്ടുണ്ട്. എന്നാൽ പലപ്പോഴും അധികാരവും സ്വാധീനശക്തിയുമുള്ള ഒരു ന്യൂനപക്ഷത്തിന്റെ നിയന്ത്രിക്കാനാവാത്ത ആർത്തിയും ധൂർത്തും ആഡംബരപ്രിയവുമാണ് ഭൂരിപക്ഷം ആളുകളുടെയും ദുരവസ്ഥയ്ക്കു പ്രധാന കാരണം. ഈ അടുത്ത കാലത്തായി പുറത്തു വന്നുകൊണ്ടിരിക്കുന്ന ലക്ഷം ലക്ഷം കോടികളുടെ അഴിമതി കണക്കുകൾമതി നമ്മുടെ രാജ്യം എത്രയേറെ സമ്പന്നമാണെന്നു തെളിയിക്കുവാൻ. സ്വിസ് ബാങ്കിൽ ഇന്ത്യയിലെ സമ്പന്നർക്കുള്ള നിക്ഷേപങ്ങൾ വികസിത രാജ്യങ്ങളെപ്പോലും അത്ഭുതപ്പെടുത്തുന്നതാണ്. ഏതാണ്ട് എഴുപതുലക്ഷം കോടി രൂപ ഇന്ത്യയിലെ സമ്പന്നർ അവിടെ നിക്ഷേപിച്ചിട്ടുണ്ടെന്നാണ് പറഞ്ഞു കേൾക്കുന്നത്. സമ്പന്നരാജ്യമായ ബ്രിട്ടന്റെ സ്വിസ് ബാങ്കിലെ നിക്ഷേപം ഇരുപതു ലക്ഷം കോടിപോലുമില്ല. ഏതാണ്ട് അതിന്റെ നാലിരട്ടി തുകയാണ് ഇന്ത്യയിലെ സമ്പന്നർക്ക് സ്വിസ് ബാങ്കിലുള്ളത്. ഈ തുകയുടെ പതിമൂന്നിലൊരംശം മതി ഇന്ത്യക്ക് ഇന്നുള്ള വിദേശ കടങ്ങളെല്ലാം വീട്ടിത്തീർക്കാൻ. ആർത്തിയുടെയും ധൂർത്തിന്റെയും ആഡംബരത്തിന്റെയും മനോഭാവമുപേക്ഷിച്ച് ശിഷ്യത്വമാവശ്യപ്പെടുന്ന പരിത്യാഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും മാർഗ്ഗം സ്വീകരിച്ചിരുന്നുവെങ്കിൽ ഭാരതീയരായ നമുക്കെല്ലാം എത്രയേറെ സംതൃപ്തിയോടും അന്തസ്സോടും കൂടി ജീവിക്കാമായിരുന്നു!

ഇന്നു പൊതുവെ ലോകത്തെയും നമ്മുടെ രാജ്യത്തെയും ഗ്രസിച്ചിരിക്കുന്ന ഈ ആർത്തിയുടെയും ആഡംബരത്തിന്റെയും സംസ്ക്കാരത്തിൽ നിന്നും ക്രിസ്തു ശിഷ്യരുടെ കൂട്ടായ്മയായി അറിയപ്പെടുന്ന സഭാസമൂഹങ്ങൾ വിമുക്തമാണോ? ഉദാഹരണമായി നമ്മുടെ അതിരൂപതയുടെയും ഇടവകകളുടെയും തന്നെ കാര്യമെടുക്കാം. ഈ അടുത്ത കാലത്ത് വികസനത്തെക്കുറിച്ചു നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത് കേരളത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന രണ്ടു ജില്ലകളാണ് തിരുവനന്തപുരവും മലപ്പുറവും. തിരുവനന്തപുരം ജില്ല പിന്നോക്കം നിൽക്കുന്നതിന്റെ ഒരു പ്രധാന കാരണം പ്രത്യേകിച്ച് തീരദേശവാസികളായ നമ്മുടെ അതിരൂപതാംഗങ്ങൾ നൂറ്റാണ്ടുകളായി വച്ചുപുലർത്തുന്ന മനോഭാവത്തിനും ജീവിത ശൈലിക്കും കാര്യമായ വ്യത്യാസം വരാത്തതു തന്നെയാണ്. നമ്മുടെ അതിരൂപതയിലെ നല്ലൊരുഭാഗം അംഗങ്ങളും പാവപ്പെട്ടവരാണ്. വേണ്ടത്ര ആഹാരമില്ലാതെ, നല്ലൊരു ഭവനമില്ലാതെ, വിദ്യാഭ്യാസ സൗകര്യങ്ങളില്ലാതെ കഴിയുന്ന ധാരാളം പേരുണ്ട്. ഇതൊക്കെയാണെങ്കിലും ധൂർത്തിനും ആഡംബരത്തിനും മദ്യപാനത്തിനും നമ്മുടെ ഇടയിൽ കുറവൊന്നുമില്ല. ദൈവം നമുക്കു ദാനങ്ങൾ തരാത്തതുകൊണ്ടല്ല, ദൈവം നൽകുന്ന വിഭവങ്ങളെ ദുരുപയോഗിക്കുന്നതുകൊണ്ടാണ്, പങ്കുവയ്ക്കാത്തതുകൊണ്ടാണ് ദാരിദ്ര്യത്തിലും അവശതയിലും പിന്നോക്കാവസ്ഥയിലും നമുക്കു കഴിയേണ്ടി വരുന്നത്. ക്രിസ്തുശിഷ്യരുടെ സ്നേഹസമൂഹമായിത്തീരുക എന്ന ലക്ഷ്യത്തിൽ നിന്നും നാം വ്യതിചലിച്ചുപോകുന്നു.

മാനവശേഷിയും വിഭവശേഷിയും തിരുവനന്തപുരം അതിരൂപതയ്ക്ക് ഏറെകുറവാണെന്നു പറയാനാവില്ല. ഈ അടുത്ത കാലത്തു നടത്തിയ സർവേ തെളിയിക്കുന്നത് വിവിധ മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന കഴിവും കാര്യശേഷിയുമുള്ള വിദ്യാസമ്പന്നരായ ധാരാളംപേർ നമ്മുടെ അതിരൂപതയിലുണ്ടെന്നാണ്. ഇവരിൽ നല്ലൊരു ഭാഗവും സഭാസംബന്ധമായ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുന്നുവെന്നുമാത്രം. സന്തോഷത്തോടെ ഇതിനായി മുന്നോട്ടുവരുകയും ത്യാഗങ്ങൾ അനുഭവിക്കുകയും ചെയ്യുന്നവരെ വിസ്മരിക്കുന്നില്ല. സഭ ഒരു ശരീരമാണെന്ന് നാമോർക്കണം. ശരീരത്തിലെ ഒരു അവയവത്തിനും മറ്റ് അവയവങ്ങളുമായി ബന്ധപ്പെടാതെ ഒറ്റയ്ക്കു നിൽക്കുവാനോ വളരുവാനോ സാദ്ധ്യമല്ല. പ്രത്യേകിച്ചും കുറെയൊക്കെ കഴിവുകളും സൗകര്യങ്ങളുമുള്ളവർ കായേനെപ്പോലെ,

“സഹോദരന്റെ കാവൽക്കാരനാണോ ഞാൻ? ” (ഉല്പ. 4, 9) എന്ന മനോഭാവത്തോടെ മാറി നിൽക്കാതെ സഭാപ്രവർത്തനങ്ങളിലേയ്ക്ക് സജീവമായി കടന്നുവരേണ്ടിയിരിക്കുന്നു.

നമ്മുടെ ഇടവകകളുടെ വിഭവശേഷിയും അത്രമോശമല്ലെന്നാണ് കണക്കുകൾ കാണിക്കുന്നത്. പല ഫെറോനകളുടെയും മൊത്തവരുമാനം അതിരൂപതാതല വരുമാനത്തെക്കാൾ കൂടുതലാണ്. നമ്മുടെ ഇടവകകളിലെ നല്ലൊരുഭാഗം അംഗങ്ങളും പാവപ്പെട്ടവരാണ്. എങ്കിലും പൊതുവായ ആവശ്യങ്ങൾക്കായും ജീവകാരുണ്യപ്രവർത്തനങ്ങൾക്കായും ഉദാരമായ സംഭാവനകൾ നല്കുന്ന ഒരു പാരമ്പര്യം നമുക്കുണ്ട്. അതുകൊണ്ടുതന്നെ ഒരു പൈസപോലും അനാവശ്യമായി ചിലവഴിക്കാതിരിക്കാൻ നാം അങ്ങേയറ്റം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സമാഹരിച്ചെടുക്കുന്ന സമ്പത്ത് വിനിയോഗിക്കുന്ന കാര്യത്തിൽ ഈ അടുത്ത കാലത്തായി കുറെ വ്യത്യാസങ്ങൾ വന്നുവെങ്കിലും പരമ്പരാഗതമായി കടന്നുകൂടിയ പല പാളിച്ചകളും ഇനിയും തിരുത്തേണ്ടിയിരിക്കുന്നു.

വിശദമായ കണക്കുകൾ ഉത്തരവാദിത്വപ്പെട്ട വേദികളിലാണല്ലോ സമർപ്പിക്കുന്നത്. എങ്കിലും ഇന്നത്തെ അവസ്ഥയെക്കുറിച്ച് ചില സൂചനകൾ തരുന്നത് ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2011-2012) അതിരൂപതയിലെ എല്ലാ ഇടവകകൾക്കും കൂടി വരുമാനമായി ലഭിച്ചത് 23 കോടിയിലധികം രൂപയും(23,41,38,122), ചിലവായത് ഏകദേശം 20 കോടിയോളം രൂപയുമാണ് (19,60,44,164). ദൈവാലയങ്ങളും, സ്ക്കൂളുകളും നിർമ്മിക്കുകയും വസ്തുവകകൾ മേടിക്കുകയും അത്യാവശ്യകാര്യങ്ങൾ ചെയ്യുകയും ചെയ്ത ചുരുക്കം ചില ഇടവകകളുടെ കാര്യം വിസ്മരിക്കുന്നില്ല. എങ്കിലും വരുമാനത്തിന്റെ നല്ലൊരു ഭാഗവും ചിലവഴിച്ചിരിക്കുന്നത് അത്രതന്നെ ആവശ്യമില്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾക്കും ആർഭാടപൂർവ്വമായ തിരുനാൾ ആഘോഷങ്ങൾക്കും ഇതര ചിലവുകൾക്കും വേണ്ടിയാണ്. അതേസമയം തന്നെ ഇടവകകളെ ശിഷ്യന്മാരുടെ കൂട്ടായ്മയായ സ്നേഹ സമൂഹങ്ങളായി രൂപാന്തരപ്പെടുത്തുന്ന വിവിധ ശുശ്രൂഷാ പ്രവർത്തനങ്ങളെല്ലാം തീർത്തും അവഗണിച്ചതായും കാണുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ചിലവാക്കിയ 20 കോടിയോളം രൂപയുടെ 19.94 ശതമാനം ഒരു വകുപ്പിലുംപ്പെടാത്ത ഇതര ആവശ്യങ്ങൾ എന്നുപറഞ്ഞ് എഴുതി തള്ളുകയും 18.34 ശതമാനം അടിസ്ഥാന സൗകര്യങ്ങൾക്കായും(Capital Expense), 17.44 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾക്കായും, 8.78 ശതമാനം പെരുന്നാൾ ആഘോഷങ്ങൾക്കായും, 7.61 ശതമാനം അറ്റകുറ്റ പണികൾക്കായും ചിലവഴിക്കുകയും ചെയ്തപ്പോൾ ഏറ്റവുമധികം പ്രാധാന്യം നൽകേണ്ട അജപാലന ശുശ്രൂഷയ്ക്ക് 5.31 ശതമാനവും, വിദ്യാഭ്യാസ ശുശ്രൂഷയ്ക്ക് 2.81 ശതമാനവും, സാമൂഹ്യ ശുശ്രൂഷയ്ക്ക് 2.22 ശതമാനവും, മറ്റു ശുശ്രൂഷകൾക്ക് (ബി.സി.സി., മാധ്യമം, യുവജനം) വെറും 0.78 ശതമാനവും ചിലവഴിച്ചതായി കാണുന്നു. 16.27 ശതമാനം ബാക്കിയുമുണ്ട്. എല്ലാവരുടെയും കണ്ണുതുറപ്പിക്കേണ്ട, അടിയന്തിര ശ്രദ്ധ പതിയേണ്ട കണക്കുകളാണിവ. സുവിശേഷ പ്രഘോഷണവും വിശുദ്ധീകരണ പ്രക്രിയയും അവഗണിച്ചുകൊണ്ട് ഇങ്ങനെ മുന്നോട്ടു പോയാൽ നാളെ ഇവിടെ പൊള്ളയായ ചില ആചാരാനുഷ്ഠാനങ്ങളും ആർക്കും വേണ്ടാത്ത ചില സംവിധാനങ്ങളും മാത്രം അവശേഷിച്ചെന്നുവരും!

അതിരൂപതാ തലത്തിലാണെങ്കിൽ മൊത്തം മൂന്നുകോടി തൊണ്ണൂറ്റഞ്ചുലക്ഷത്തോളം രൂപയുടെ വരവും (3,95,50,794) നാലുകോടി എട്ടുലക്ഷത്തോളം രൂപയുടെ ചിലവുമാണുള്ളത് (4,08,75,867). വരവിനേക്കാൾ 13 ലക്ഷത്തോളം രൂപ കൂടുതൽ ചിലവായിട്ടുണ്ട്. ഇടവകകളിൽ നിന്നും കിട്ടുന്ന വിഹിതം വരവിന്റെ ഏഴു ശതമാനം പോലുമില്ല. അതിന്റെ പകുതിയോളം ഫെറോനകൾക്കു തന്നെ നൽകുന്നു. നാലുകോടിയോളം വരുന്ന ചിലവിന്റെ 12 ശതമാനത്തോളം അജപാലനത്തിനും അതുമായി ബന്ധപ്പെട്ട ശുശ്രൂഷകൾക്കും 29 ശതമാനം വിദ്യാഭ്യാസവും അതുമായി ബന്ധപ്പെട്ട ശുശ്രൂഷകൾക്കും 59 ശതമാനം പൊതു ആവശ്യങ്ങൾക്കായും (അനുദിന ചിലവുകൾ, അടിസ്ഥാന സൗകര്യങ്ങൾ, തിരുസംഘങ്ങൾക്കും മെത്രാൻ സമിതികൾക്കുമുള്ള സംഭാവനകൾ) വിനിയോഗിച്ചതായി കാണുന്നു. അതിരൂപതയുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ റ്റി. എസ്.എസ്.എസ് വഴിയാണല്ലോ നടക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇതിനായി നാലുകോടിയോളം (4,30,99,540) രൂപ വരവായി ലഭിച്ചപ്പോൾ ഏതാണ്ട് അത്രയും തന്നെ തുക (4,15,09,235) അതിരൂപതയുടെ ജീവകാരുണ്യ വികസന പ്രവർത്തനങ്ങൾക്കായി ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുമുതൽ കൈക്കാര്യം ചെയ്യുന്ന കാര്യത്തിൽ കുറെയേറെ നിയന്ത്രണം ആവശ്യമായി വരുന്നു. അനുദിനാവശ്യങ്ങൾക്കുവേണ്ട ചിലവു കഴിച്ച് ബാക്കിയുള്ള തുകയുടെ നല്ലൊരു ഭാഗവും വിശ്വാസ പരിശീലനത്തിനായും വിദ്യാഭ്യാസ സൗകര്യങ്ങൾക്കായും പാവപ്പെട്ടവരുടെ ഉന്നമനത്തിനായും ചിലവഴിക്കാൻ നമുക്കു സാധിക്കണം. സങ്കുചിത മനോഭാവം വെടിഞ്ഞ് സംഘടിതമായ രീതിയിൽ അതിരൂപതാ തലത്തിലുള്ള വികസന പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും പിന്നോക്കം നിൽക്കുന്ന നമ്മുടെ അതിരൂപതയെ സമയബന്ധിതമായ രീതിയിൽ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ സഹകരിക്കുകയും ചെയ്യണം. അടിയന്തിര ശ്രദ്ധ പതിയേണ്ട ഏതാനും ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**1.** വരുമാനത്തിന്റെ ഒരു പൈസപോലും ദുരുപയോഗിക്കാത്തവിധത്തിലുള്ള പ്ലാനും ബഡ്ജറ്റും സാമ്പത്തിക വർഷാരംഭത്തിൽ ഓരോ ഇടവകയും തയ്യാറാക്കി അംഗീകാരം മേടിക്കുകയും പദ്ധതികളെല്ലാം കർശനമായി നടപ്പിലാക്കുകയും ചെയ്യണം.

**2.** ചില പ്രത്യേക ആവശ്യങ്ങൾക്ക് അംഗീകാരത്തോടെ നീക്കിവച്ചിരിക്കുന്ന തുകകളൊഴിച്ച് വരുമാനത്തിന്റെ 40 ശതമാനം പൊതു ആവശ്യങ്ങൾക്കായും 60 ശതമാനം നിർദ്ദേശിക്കപ്പെട്ട അനുപാതത്തിൽ വിവിധ ശുശ്രൂഷകൾക്കായും വകയിരുത്തേണ്ടതാണ്.

ഓരോ ഇടവകയുടെയും പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് അതിരൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെ ചില്ലറ വ്യത്യാസങ്ങളൊക്കെ വരുത്താവുന്നതാണ്.

**3.** ദശാംശം കൊടുക്കുന്ന പാരമ്പര്യം സഭയിലുണ്ടല്ലോ. ഓരോരുത്തരും തങ്ങളുടെ മനഃസാക്ഷി അനുസരിച്ച് ഓരോ കൊല്ലത്തെയും വരുമാനത്തിന്റെ പത്തിലൊരംശം സഭാപ്രവർത്തനങ്ങൾക്കായും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായും നൽകാൻ ശ്രദ്ധിക്കണം. ഇടവക നിർദ്ദേശിക്കുന്ന സംഭാവനകൾക്കു പുറമേ, സ്വന്തമായി ചെയ്യുന്ന കാരുണ്യ പ്രവൃത്തികളും ഈ 10 ശതമാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

**4.** രസീതു കൂടാതെ ഒരു പൈസപോലും വാങ്ങുകയോ കൊടുക്കുകയോ ചെയ്യാതിരിക്കാൻ വികാരിയച്ചന്മാരും ഉത്തരവാദിത്വപപ്പെട്ടവരും ശ്രദ്ധിക്കണം.

**5.** പെരുന്നാളുകളോടനുബന്ധിച്ച് ആഘോഷങ്ങൾ വേണ്ടെന്നു പറയുന്നില്ല. ദൈവാനുഭവത്തെയും ശിഷ്യത്വത്തിലുള്ള വളർച്ചയെയും ജീവകാരുണ്യ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന ആഘോഷങ്ങളായിരിക്കണം അവ. പരസ്യങ്ങളിലൂടെയും ലക്ഷങ്ങൾ ധൂർത്തടിക്കുന്ന അലങ്കാരങ്ങളിലൂടെയും കലാപരിപാടികളിലൂടെയും ആളുകളെ ആകർഷിക്കുന്ന പ്രവണതയ്ക്ക് മാറ്റം വരണം. ജനങ്ങളുടെ തന്നെ സമ്മർദ്ദം കൊണ്ടാണ് ഇതൊക്കെ ചെയ്തുപോകുന്നത് എന്ന ന്യായീകരണം ശരിയല്ല. പലപ്പോഴും ചില തല്പര കക്ഷികളുടെ നിക്ഷിപ്ത താല്പര്യങ്ങളാണ് ഇതിന്റെ പിന്നിലുള്ളതെന്ന് നാം തിരിച്ചറിയണം.

**6.** നേർച്ചയായി കിട്ടുന്ന തുക മുഴുവനും ഇടവകയുടെ അകത്തും പുറത്തുമുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാത്രമായി ചിലവഴിച്ചിരുന്നെങ്കിലോ എന്ന് ഞാനാശിച്ചുപോകുകയാണ്. അനുദിന ചിലവുകളൊക്കെ ഇടവകാംഗങ്ങൾ തന്നെ നൽകുന്ന ഓഹരികൊണ്ട് നടത്തണം. നിർമ്മാണ പ്രവർത്തനങ്ങൾപോലുള്ള ചില പ്രത്യേക ആവശ്യങ്ങൾക്കായി സമാഹരിക്കുന്ന തുക മാത്രം അതിനായി വിനിയോഗിക്കുന്ന ഒരു പ്രവർത്തന ശൈലിക്ക് നാം രൂപം കൊടുക്കണം.

**7.** കുർബാന ധർമ്മവും (Mass Stipend) പെരുന്നാൾ സംഭാവനകളും യാത്രാ ചിലവുകളും കൂട്ടിക്കുഴക്കരുത്. നിർദ്ദേശിക്കപ്പെട്ടതിലധികം തുക കുർബാന ധർമ്മത്തിനായോ മറ്റു തിരുക്കർമ്മങ്ങൾക്കായോ സ്വീകരിക്കരുത്. പലരിൽ നിന്നും വലിയ തുകകൾ സ്വീകരിച്ച് ഒരു തിരുനാൾ ദിവ്യബലി അർപ്പിക്കാൻ പാടുള്ളതല്ല. ഇടവകയുടെ പ്രധാന തിരുനാളുകളിൽ ദിവ്യബലിയർപ്പണത്തിന് ആവശ്യമായിവരുന്ന തുക വ്യക്തികളിൽ നിന്നും മേടിക്കാതെ ഇടവക ഫണ്ടിൽ നിന്നുമെടുക്കണം.

ക്രിസ്തു ശിഷ്യരായിതത്തീരാൻ സാധിക്കുന്നതാണ് നമുക്കു ലഭിക്കുന്ന ഏറ്റവും വലിയ സൗഭാഗ്യം. സഭാസമൂഹങ്ങളാകുന്ന അതിരൂപതയും ഇടവകകളും നിലനിൽക്കുന്നത് ഈ ശിഷ്യത്വത്തിൽ വളരുവാൻവേണ്ടി മാത്രമാണ്. ഇതിൽ നിന്നും നമ്മെ വ്യതിചലിപ്പിക്കുന്ന ആർത്തിയുടെയും, അഴിമതിയുടെയും, ധൂർത്തിന്റെയും ആഢംബരത്തിന്റെയും സംസ്ക്കാരത്തെ എന്തു ത്യാഗം സഹിച്ചും മാറ്റിയെടുക്കാൻ നമുക്കു കഴിയണം. ദൈവാശ്രയബോധവും സ്വയം പരിത്യാഗവും പങ്കുവയ്ക്കൽ മനോഭാവവും വളർത്തിയെടുക്കുവാൻ നാം നിശ്ചയിച്ചുറയ്ക്കണം. ആദിമക്രൈസ്തവ സമൂഹത്തെയാണല്ലോ ശിഷ്യത്വത്തിന്റെ ഉജ്ജ്വല മാതൃകയായി നാം എപ്പോഴും കാണുന്നത്. "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരു ആത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമാണെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു........ അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല " (അപ്പ. പ്രവ. 4, 32, 34). ഇതുപോലെ ശിഷ്യത്വത്തിൽ അനുദിനം വളർന്ന് ഒരു സ്നേഹസമൂഹമായി രൂപാന്തരപ്പെടുവാൻ ഈ തപസ്സുകാലത്ത് നമുക്ക് നമ്മെത്തന്നെ സമർപ്പിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

**സ്നേഹത്തോടെ**

വെള്ളയമ്പലം
08.02.2013

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

PS. *ഈ ഇടയലേഖനം തപസ്സുകാലം ഒന്നാം ഞായറാഴ്ചയായ ഫെബ്രുവരി മാസം 17-ാം തിയതി ദിവ്യബലി മദ്ധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.*